**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5163** | **15.11.2019-ൽ മറുപടിയ്ക്ക്** |
|---|---|

**മാലിന്യ സംസ്കരണ പദ്ധതികൾ**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, എൽദോ എബ്രഹാം** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | തദ്ദേശഭരണ സ്ഥാപനങ്ങൾ മൊത്തം പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ശുചിത്വ, മാലിന്യ സംസ്കരണ പദ്ധതികൾക്കായി വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (എ) | ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്കായി പൊതു വിഭാഗം വികസന ഫണ്ടിന്റെ 10% തുക ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും വകയിരുത്തണം. നഗരസഭയും കോർപ്പറേഷനും 15% തുകയാണ് വകയിരുത്തേണ്ടത്. |
| (ബി) | കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശുചിത്വ മിഷൻ സഹായം നൽകുന്നുണ്ടോ; | (ബി) | ഉണ്ട്. മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (നഗരം) പദ്ധതിക്ക് 27 കോടി രൂപയും, ശുചിത്വ കേരളം (ഗ്രാമം) പദ്ധതിക്ക് 33 കോടി രൂപയുമാണ് 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്.<br>കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം) പദ്ധതിയിൽ ഒരു ഗ്രാമ പഞ്ചായത്തിന് 20 ലക്ഷം രൂപ വീതം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി നൽകി വരുന്നു. ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി അംഗീകാരം വാങ്ങിയ നഗരസഭകൾക്ക് ഡി.പി.ആർ തുകയുടെ 58.3% തുക കേന്ദ്ര സംസ്ഥാന വിഹിതമായി സ്വച്ഛ് ഭാരത് മിഷൻ(നഗരം) പദ്ധതിയിൽ നിന്നും ശുചിത്വ മിഷൻ മുഖേന നൽകി വരുന്നു. |
| (സി) | പ്ലാസ്റ്റിക്ക് അടക്കമുള്ള പാഴ് വസ്തുക്കൾ ശേഖരിച്ച് സൂക്ഷിച്ച് ഇനംതിരിച്ച് പുന:ചംക്രമണത്തിനും റോഡ് ടാറിംഗിനുമായി ഉപയോഗിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ ഗ്രാമങ്ങളിൽ 559 എം.സി.എഫുകളും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 168 എം.സി.എഫുകളും പ്രവർത്തിച്ചു വരുന്നു. ബാക്കിയുള്ളവയുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (ഡി) | പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് ടാറിംഗിന് നല്കുന്നതിനും പുന:ചംക്രമണത്തിന് യോഗ്യമായവ പാഴ് വസ്തു വ്യാപാരികളെ ഏൽപ്പിക്കുന്നതിനും ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനുമായി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലും ബ്ലോക്ക് പഞ്ചായത്തുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ